## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7442 — 17-07-2012 - ലെ മറുപടിയ്ക്ക്

### കാർഷിക മേഖലയ്ക്കുവേണ്ടി പരീക്ഷണശാലകളുടെ പ്രവർത്തന രീതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി<br>,, സി. മോയിൻകുട്ടി<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, പി.കെ. ബഷീർ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കാർഷിക മേഖലയ്ക്കുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള പരീക്ഷണ ശാലകളുടെ പ്രവർത്തനരീതി വിശദമാക്കുമോ; | (എ) കൃഷി വകുപ്പിന്റെ കീഴിൽ കാർഷിക മേഖലയ്ക്കു വേണ്ടി പരീക്ഷണ ശാലകൾ ഒന്നും പ്രവർത്തിക്കുന്നില്ല. എന്നാൽ വിത്ത്, വളം, കീടനാശിനി, മണ്ണ് മുതലായവയുടെ ഗുണനിലവാരം പരിശോധിക്കുന്ന പരിശോധന ശാലകളും ജീവാണുവളം, ജൈവ കീട നിയന്ത്രണ ഉപാധികൾ എന്നിവയുടെ ഉൽപാദനത്തിനും ഉള്ള ലബോറട്ടറികളും, ഒരു ടിഷ്യൂക്കൾച്ചർ ലബോറട്ടറിയും കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ലാബുകൾ പരിഷ്കരിക്കാനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; | (ബി) ലാബുകളുടെ നവീകരണത്തിനും പ്രവർത്തനങ്ങൾക്കുമായി ''മോഡേണൈസേഷൻ ഓഫ് ഡിപ്പാർട്ട്മെന്റ് ലബോറട്ടറീസ്'' എന്ന പദ്ധതി എല്ലാ സാമ്പത്തിക വർഷവും നടപ്പിലാക്കി വരുന്നു. |
| (സി) ഇവയുടെ സേവനം ചെറുകിട നാമമാത്ര കർഷകർക്ക് എളുപ്പത്തിൽ പ്രാപ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഗുണനിലവാര പരിശോധനശാലകളുടെയും ഉൽപാദന ലബോറട്ടറികളുടെയും സേവനം സംസ്ഥാനത്തെ എല്ലാ ചെറുകിട നാമമാത്ര കർഷകർക്കും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ